**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 389** **27-01-2026 - ൽ മറുപടിയ്ക്ക്**

**കോന്തുരുത്തിപ്പുഴയുടെ കരകളിൽ താമസിച്ചിരുന്നവരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോന്തുരുത്തിപ്പുഴ പൂർവ്വ സ്ഥിതിയിലാക്കുന്നത് സംബന്ധിച്ച പൊതു താൽപര്യ ഹർജിയിന്മേൽ 2026 ഏപ്രിൽ 16-നകം അവിടെ താമസിക്കുന്ന 126 കുടുംബങ്ങളെ പോലീസ് സഹായത്തോടെ കുടിയൊഴിപ്പിച്ച് എല്ലാ കയ്യേറ്റങ്ങളും നീക്കം ചെയ്യാൻ ബഹു. ഹൈക്കോടതി നിർദേശിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരത്തിൽ അവിടെ കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് വേണ്ടി എപ്രകാരമുള്ള പുനരധിവാസ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ; | (ബി) | കോന്തുരുത്തി പുഴയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. കെ.ജെ ടോമി ബഹു.ഹൈക്കോ ടതിയിൽ ഫയൽ ചെയ്ത COC 204/2022 നം. കേസിൽ, ബഹു ഹൈക്കോടതിയുടെ 16.12.2025 ലെ ഇടക്കാല ഉത്തരവിലെ നിർദ്ദേശ പ്രകാരം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 31/12/2025 ന് യോഗം ചേരുകയും, യോഗ തീരുമാന പ്രകാരം കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്ന തിനുള്ള ചുമതല കൊച്ചി നഗരസഭ സെക്രട്ടറിയേയും ജില്ല കളക്ടറേയും ഏൽപ്പിക്കുകയും, പുനരധിവാസ ത്തിനായി നിലവിലെ മാനദണ്ഡ ങ്ങൾക്ക് അധികമായി ആവശ്യമായി വരുന്ന തുക കൊച്ചി നഗരസഭ തദ്ദേശ സ്വയംഭരണ വകുപ്പുമായി ആലോചിച്ച് തീരുമാനിക്കുന്നതിനും, നാലുമാസത്തി നകം നടപടി ക്രമങ്ങൾ പൂർണ്ണമായി പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കോടതി മുമ്പാകെ സമയം നീട്ടി നൽകുന്നതിന് എക്സ്റ്റൻഷൻ പെറ്റിഷൻ സമർപ്പിക്കാനും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത യോഗ തീരുമാനം തുടർ നടപടികൾക്കായി കൊച്ചി കോർപ്പറേഷനെ അറിയിച്ചിരുന്നു.<br><br>തുടർന്ന് 06/01/2026 ൽ ടി വിഷയം കൊച്ചി നഗരസഭ കൗൺസിൽ മുമ്പാകെ ചർച്ച ചെയ്തിട്ടുള്ളതും 4 മാസം കൊണ്ട് നടപടിക്രമങ്ങൾ പൂർണ്ണമായും പൂർത്തികരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ, |

| | | | |
|---|---|---|---|
| | | | റിവ്യൂ പെറ്റീഷൻ / സമയ പരിധി ദീർഘിപ്പിക്കൽ ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതിനായി കൊച്ചി നഗരസഭ സെക്രട്ടറി ബഹു. ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട് |
| (സി) | പുഴയുടെ ഇരുവശങ്ങളിലുമായി ഏതാണ്ട് 126 കുടുംബങ്ങൾ 45 വർഷത്തിലധികമായി വീടുകൾ കെട്ടി താമസിക്കുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ വീടുകൾക്ക് വൈദ്യുതി കണക്ഷൻ, നഗരസഭ കെട്ടിട നമ്പർ എന്നിവ ലഭിച്ചിട്ടുള്ളതും താമസക്കാർക്ക് റേഷൻകാർഡ്, ആധാർ കാർഡ്, വോട്ടർ ഐ.ഡി. എന്നിങ്ങനെയുള്ള തിരിച്ചറിയിൽ രേഖകളും കോർപ്പറേഷന്റെ കൈവശാവകാശ രേഖയും ഉണ്ടെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | 126 കുടുംബങ്ങൾ 45 വർഷത്തിലധികമായി വീടുകൾ കെട്ടി താമസിക്കുന്നുണ്ടെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.<br><br>പുഴകയ്യേറി നിർമ്മിക്കുന്നതിനോ/ നിർമ്മിച്ചിട്ടുള്ളതോ ആയ വീടുകൾക്ക് നിർമ്മാണാനുമതിയോ കെട്ടിട നമ്പറോ കൊച്ചി നഗരസഭയിൽ നിന്നും നൽകിയിട്ടില്ല. പുഴ പുറമ്പോക്കിൽ പുതിയ നിർമ്മാണങ്ങൾ നടത്തുന്നി ല്ലായെന്ന് ഉറപ്പുവരുത്തുന്നതിന് കോർപ്പറേഷൻ നടപടികൾ എടുത്തു. |
| (ഡി) | സർക്കാർ തലത്തിൽ പ്രസ്തുത പ്രദേശത്ത് പുനരധിവാസത്തിന് ഭൂമി കണ്ടെത്താൻ ബുദ്ധിമുട്ടായ സാഹചര്യത്തിൽ, ഗുണഭോക്താക്കൾക്ക് സ്വന്തം രീതിയിൽ ഭൂമി കണ്ടെത്താമെന്നും ഈ പദ്ധതിക്ക് വേണ്ടി സർക്കാർ കോടതിയിൽ അറിയിച്ച തുകയായ 24.82 കോടി രൂപ, ഗുണഭോക്താക്കൾക്ക് ഇതിനായി വീതിച്ച് നൽകാമെന്നും സമ്മതിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കുമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>ലൈഫ് ഭവനസമുച്ചയം മുഖേനയുള്ള പുന:രധിവാസം സാധ്യമാകാത്ത സാഹചര്യത്തിൽ കൈയേറ്റം ഒഴിപ്പിക്കുമ്പോൾ ഒഴിഞ്ഞു പോകുന്ന വർക്ക് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിലവിലെ നിയമ പ്രകാരം ലൈഫ് പദ്ധതി മാർഗ്ഗ നിർദ്ദേശത്തിന് വിധേയമായി കോർപ്പറേഷൻ പരിധിയിൽ ഭൂമി വാങ്ങുന്നതിനായി ഒരു കുടുംബത്തിന് പരമാവധി (ജനറൽ വിഭാഗം) 5.25 ലക്ഷം രൂപയും, (സ.ഉ(കൈ)115/2022/ തസ്വഭവ തീയതി 28-5-2022) വീട്ടു നിർമ്മിക്കാൻ 4 ലക്ഷം രൂപയും, ഉൾപ്പെടെ ആകെ 9.25 ലക്ഷം രൂപ മാത്രമെ നൽകാൻ സാധിക്കുകയുള്ള എന്ന വിവരം സർക്കാർ ബഹ ഹൈക്കോടതിയെ അറിയിച്ചി രുന്നു. |
| (ഇ) | കോവളം - ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാൽ ജലപാതയുമായി ബന്ധപ്പെട്ട് കനാൽ പുറമ്പോക്കിൽ നിന്നും സമാനരീതിയിൽ കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് സ.ഉ.(സാധാ)നം.22/2022/സി.എസ്.ഐ.എൻ.ഡി. തീയതി, 24-11-2022 പ്രകാരം പ്രത്യേക പാക്കേജ് അനുവദിച്ച് നൽകിയിട്ടുള്ളതുപോലെ ഒരു സ്പെഷ്യൽ പാക്കേജ് കോന്തുരുത്തി നിവാസികൾക്ക് കൂടി അനുവദിക്കുമോ; വിശദാംശം അറിയിക്കുമോ? | (ഇ) | കൊച്ചി നഗരത്തിലെ പ്രധാന കനാലുകൾ പുനരുജ്ജീവിപ്പിച്ച് ജലഗതാഗതം പുനഃസ്ഥാപി ക്കുന്നതിനും, അതിലൂടെ നഗരത്തിലെ ആവർ ത്തിച്ചുള്ള വെള്ള പ്പൊക്കം ഒഴിവാക്കുന്നതിനുമായി ആവിഷ്കരിച്ച് നടപ്പാക്കുന്ന ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം (IURWTS) പദ്ധതിയിൽ 2021-ൽ കോന്തുരു ത്തിപ്പുഴയുടെ പുനരുദ്ധാരണം കൂടി ഉൾപ്പെടുത്തിയിരുന്നതായും, (IURWTS) പദ്ധതി പ്രകാരമുള്ള പുനരധിവാ സത്തിനായി വെസ്റ്റ് കോസ്റ്റ് കനാൽ റിഹാബിലിറ്റേഷൻ പാക്കേജ് മാതൃകയിൽ 11 ലക്ഷം രൂപ (പാക്കേജ് തുക 10ലക്ഷം + വാടകയിനത്തിൽ 1 ലക്ഷം രൂപ) അനുവദിക്കുന്നതിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL) സമർപ്പിച്ച പ്രൊപ്പോസൽ കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ